# വാണിയംകുളം ഗ്രാമപഞ്ചായത്ത്

കൊറോണ വൈറസ് നമ്മുടെ സംസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്തത് മുതൽ ലോകത്തിനു മാതൃകയായ കേരളത്തിന്റെ പ്രതിരോധ -അതിജീവന മോഡലിന് കരുത്തു പകരാൻ കുടുംബശ്രീ പ്രസ്ഥാനം മുൻനിരയിൽ ഉണ്ടായിരുന്നു.

കുടുംബശ്രീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി വാണിയംകുളം ഗ്രാമപഞ്ചായത്തിലെ പ്രവർത്തന റിപ്പോർട്ട്.

## കമ്മ്യൂണിറ്റി കിച്ചൻ

കോവിഡ് 19 ന്റെ സാഹചര്യത്തിൽ ലോക്ക്ഡൌൺ പ്രഖ്യാപിച്ചപ്പോൾ കേരളത്തിൽ ആരും പട്ടിണി കിടക്കരുത് എന്ന ഉദ്ദേശത്തോടുകൂടി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കുടുംബശ്രീയുടെ നേതൃത്വത്തിൽ സമൂഹ അടുക്കള ആരംഭിക്കാനായി സർക്കാർ തീരുമാനിച്ചു.ആയതിന്റെ ഭാഗമായി കുടുംബശ്രീ അംഗങ്ങൾ മുഖേന അടുക്കളകൾ സജീവമാകാൻ തുടങ്ങി.പഞ്ചായത്ത് തലത്തിൽ പ്രേത്യേക മോണിറ്ററിങ് കമ്മിറ്റി രൂപീകരിക്കുകയും സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി ഭക്ഷണം വീടുകളിൽ എത്തിച്ചു നൽകുന്നതിനായി വളണ്ടിയർമാരെ നിയോഗിക്കുകയും ചെയ്തു.






വാണിയംകുളം ഗ്രാമപഞ്ചായത്തിൽ 27 /03 /2020 ന് പവിത്രം ക്യാന്റീനിലെ കുടുംബശ്രീ അംഗങ്ങൾ ചേർന്ന് പഞ്ചായത്തിന്റെ തീരുമാനപ്രകാരം സമൂഹ അടുക്കളയുടെ പ്രവർത്തനം ആരംഭിച്ചു.തുടക്കത്തിൽ ഒരുപാട് ആശങ്കകൾ ഉണ്ടായിരുന്നുവെങ്കിലും പിന്നീട് ഒരുപാട് സഹായഹസ്തങ്ങളും പിന്തുണയും പല മേഖലങ്ങളിൽ നിന്നും ഉണ്ടായി.സംഭാവന കമ്മ്യൂണിറ്റി കിച്ചന് ഒരു മുതൽക്കൂട്ട് തന്നെയായിരുന്നു.വി ഇ ഓ ,വ്യാപാരസ്ഥാപനങ്ങൾ ,വ്യക്തികൾ തുടങ്ങി പലരും സഹായിച്ചു.

**<u>മാസ്ക് നിർമാണം</u>**

ഗുണമേന്മയോടുകൂടിയ കോട്ടൺ മാസ്ക് കുടുംബശ്രീ മുഖേന വിവിധ ഡിപ്പാർട്മെന്റുകൾക്കും പൊതുജനങ്ങളിലും എത്തിക്കുവാൻ സാധിച്ചു.നിലവിൽ തൊഴിലുറപ്പ് തൊഴിലാളികൾക്കും പഞ്ചായത്ത് മുഖേന കുടുംബശ്രീ യൂണിറ്റുകൾ മാസ്ക് നിർമിച്ചു നൽകുന്നു . കൂടാതെ സന്നദ്ധ സേനയിൽ അംഗമാവാൻ താല്പര്യമുള്ളവരുടെ വിവരങ്ങൾ സിഡിഎസ് മുഖേന എടുക്കുകയും പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനായി സഹായിക്കുകയും ചെയ്തു.



**<u>റാപിഡ് ടെസ്റ്റ്</u>**

കമ്മ്യൂണിറ്റി കിച്ചനുമായി ബന്ധപെട്ടു ഫീൽഡ് തലത്തിൽ പ്രവർത്തിക്കുന്ന എല്ലാ കുടുംബശ്രീ അംഗങ്ങളെയും റാപിഡ് ടെസ്റ്റിന് വേണ്ടി പേരുവിവരങ്ങൾ ശേഖരിച് നൽകുകയും ചെയ്തു.

**മന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CMHLS).**

കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഏർപ്പെടുത്തിയ ലോക്ക് ഡൗണിനെ തുടർന്നുള്ള തൊഴിൽ നഷ്ടവും ,സാധാരണക്കാർക്ക് ഉണ്ടാകുന്ന ദുരിതവും കണക്കിലെടുത്ത് കുടുംബശ്രീ വഴി നടപ്പിലാക്കിയ പദ്ധതിയാണ് മുഖ്യ മന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CMHLS).

സർക്കാർ മാർഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി 266 അയൽക്കൂട്ടങ്ങളിൽ നിന്നും 3565 അംഗങ്ങളാണ് അർഹരായിട്ടുള്ളത് .ഇതിൽ ഓരോ അപേക്ഷകളും ബാങ്ക് മുഖേന പാസ്സാക്കാൻ തുടങ്ങിയിട്ടുണ്ട് .



## സാമൂഹിക വികസനം

കോവിഡ് പ്രതിരോധാനത്തിന്റെ ഭാഗമായി ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട വയോജനങ്ങളെ ഫോൺ വിളിച്ച് ക്ഷേമം ഉറപ്പുവരുത്തിയത് അവിടത്തെ കുടുംബശ്രീ ചെയർപേഴ്സണും ,CDS അംഗങ്ങളും ചേർന്നായിരുന്നു .

ഇപ്രകാരം ഫോൺ വിളിച്ച് മരുന്നിന്റെ ലഭ്യതയും ,കൂടാതെ മാസം തോറും കൊടുത്തു വരാറുള്ള ആശ്രയ ഭക്ഷ്യ ധാന്യ കിറ്റ് സന്നദ്ധ പ്രവർത്തകർ മുഖേന എത്തിക്കുകയും ചെയ്തു.

## വാർഡ് തല മോണിറ്ററിംഗ് കമ്മിറ്റി

കോവിഡുമായി ബന്ധപ്പെട്ട് പ്രവാസികളുടെയും അന്യസംസ്ഥാനങ്ങളിൽ നിന്ന് വന്ന മലയാളികളുടെയും തിരിച്ചു വരവ് ,നിരീക്ഷണത്തിൽ കഴിയുന്നവരെ മേൽനോട്ടം വഹിക്കുന്നതിനായി വാർഡ് മെമ്പർ മാരുടെ കീഴിൽ ഓരോ വാർഡിലും "വാർഡ് തല മോണിറ്ററിംഗ് കമ്മിറ്റി " രൂപീകരിക്കുകയും ചെയ്തു.ദിവസവും പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും മോണിറ്ററിംഗ് കമ്മിറ്റി കൂടുകയും ,വിദേശത്തുനിന്നും അന്യ സംസ്ഥാനത്ത് നിന്നും വന്നവരെ ക്വാറന്റീനിൽ വെയ്ക്കുകയും ചെയ്തു വരുന്നു .

## എം കെ എസ് പി

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ കുടുംബശ്രീ വനിതകൾക്കായി ഒരുക്കിയ "നമുക്ക് നടാം -നമുക്ക് നേടാം "പച്ചക്കറി അടുക്കളത്തോട്ടം ചലഞ്ച 2020. ഇതിന്റെ ഭാഗമായി കുടുംബശ്രീ കുടുംബങ്ങൾക്കായി അവരവരുടെ വീടുകളിൽ ഒരു പച്ചക്കറി തോട്ടം നിർമ്മിക്കാനായി നിർദ്ദേശങ്ങൾ നൽകി. ഈ പ്രവർത്തനത്തിൽ നമ്മുടെ വീട്ടിലെ മുതിർന്നവരെയും കുട്ടികളെയും ഉൾപ്പെടുത്തി കൊണ്ട് നല്ല രീതിയിൽ ഈ പദ്ധതി നടന്നു കൊണ്ടിരിക്കുന്നു.

ദിവ്യ ടി
ബ്ലോക്ക് കോ–ഓർഡിനേറ്റർ